## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 5270 24/10/2011 ൽ മറുപടിയ്ക്ക്

## ഉദുമ എം.ആർ.എസ്. സൗകര്യം വർദ്ധിപ്പിക്കൽ

ചോദ്യം

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

മറുപടി

കുമാരി. പി.കെ. ജയലക്ഷ്മി
(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിലെ ഉദുമ എം. ആർ. എസ്സിൽ കുട്ടികൾക്ക് താമസിക്കുന്നതിനുള്ള സൗകര്യം കുറവാണെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | കാസറഗോഡ് ജില്ലയിലെ പരവനടുക്കത്ത് പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ ഹയർ സെക്കന്ററി സ്കൂളിനുവേണ്ടി സ്ഥിരം കെട്ടിട നിർമ്മാണം പൂർത്തിയാക്കി 28.06.08 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്. ടി കെട്ടിട സമുച്ചയത്തിൽ ഹയർ സെക്കന്ററി വിഭാഗത്തിന് ലഭ്യമായ താമസസൗകര്യം പര്യാപ്തമല്ല. |
| (ബി) | താമസിക്കുന്നതിനായി ഉപയോഗി ക്കുന്ന കെട്ടിടത്തിൽ ഇപ്പോൾ എത്ര കുട്ടികളാണുള്ളത്; | (ബി) | ടി സ്കൂളിൽ ഇപ്പോൾ 331 കുട്ടികൾ താമസിച്ച് പഠനം നടത്തുന്നുണ്ട്. |
| (സി) | ഹോസ്റ്റൽ സൗകര്യം വർദ്ധിപ്പി ക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | ഹയർസെക്കന്ററി വിദ്യാർത്ഥിനികൾക്ക് താമസ ത്തിനായി ഒരു ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | എങ്കിൽ ഇതു സംബന്ധിച്ച വിശദാം ശങ്ങൾ അറിയിക്കാമോ? | (ഡി) | ഹയർ സെക്കന്ററി വിദ്യാർത്ഥിനികൾക്ക് താമസത്തിനായി പുതിയ കെട്ടിടം നിർമ്മിക്കുന്ന തിനുവേണ്ടി പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) തയ്യാറാക്കി നൽകിയ പ്ലാൻ, ആവശ്യാധിഷ്ഠിത ഭേദഗതി വരുത്തി അംഗീകരിച്ചു നൽകിയിട്ടുണ്ട്. അതനുസരിച്ചുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിന് പൊതു മരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) ചീഫ് എഞ്ചിനീയർക്ക് 17.10.2011 ൽ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ